മുനവ്വറിന്റെ വിളിക്ക് കാതോർത്ത് ശിഹാബ് തങ്ങളുടെ സതീർഥ്യൻ

GULF THEJAS - 31-08-11

■ സുൽഫിക്കർ ഒതായി

ജിദ്ദ: 'നേവി ബ്ലൂ കളർ ഷർട്ടും ചുവന്ന തൊപ്പിയും ധരിച്ചു പുഞ്ചിരി തൂകിനിൽക്കുന്ന ആ ചെറുപ്പക്കാരനെ കണ്ടമാത്രയിൽ തന്നെ വല്ലാത്ത ആകർഷണം തോന്നി. മിതഭാഷിയാണെന്നു പരിചയപ്പെട്ടപ്പോൾ മനസ്സിലായി. കോളജിൽ അയാൾ തന്റെ ക്ലാസിലാണെന്നറിഞ്ഞപ്പോൾ അതിലേറെ സന്തോഷം തോന്നി' - മൗനം കൊണ്ടും മിതഭാഷ്യം കൊണ്ടും ഒരു കാലഘട്ടത്തെ നയിച്ച പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെപ്പറ്റിയുള്ള സഹപാഠി ശുഐബ് നഗ്റമിയുടെ ഓർമകൾക്ക് ഇപ്പോഴും ബാല്യം.

ശിഹാബ് തങ്ങളെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം വാചാലനായി. ഇന്നലെ നടന്ന കാര്യങ്ങൾ പോലെ 1960കളിലെ സംഭവങ്ങൾ ഓരോന്നായി അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു. ഉത്തർപ്രദേശുകാരനായ ശുഐബ് നഗ്റമി പഠനത്തിനു ശേഷം കെയ്റോ റേഡിയോവിൽ ഏഷ്യൻ ന്യൂസ് അവതാരകനായും ലിബിയ ടി.വി, റേഡിയോ റിപോർട്ടറായി ട്രിപ്പോളിയിലും ബഗാസ്സിയിലും പ്രവർത്തിച്ചു. ഇടക്കാലത്ത് ദമ്മാം കസ്റ്റംസിലും ജോലിചെയ്തു. ഇപ്പോൾ ഉർദു റേഡിയോകളിൽ ഫ്രീലാൻസ് ജേണലിസ്റ്റായി പ്രവർത്തിക്കുന്ന ഇദ്ദേഹം മക്കളും പേരക്കുട്ടികളുമൊക്കെയായി ജിദ്ദയിൽ കഴിയുന്നു.



നഗ്റമി ജിദ്ദയിലെ ശിഹാബ് തങ്ങൾ അനുസ്മരണ പരിപാടിയിൽ. ഹൈദരലി തങ്ങൾ, കെ.എം.സി.സി സൗദി നാഷനൽ കമ്മിറ്റി പ്രസിഡന്റ് കെ പി മുഹമ്മദ് കുട്ടി സമീപം

കെയ്റോ യൂനിവേഴ്സിറ്റിയിൽ അറബിക് സാഹിത്യത്തിൽ ബി.എ ഓണേഴ്സിന് ഞങ്ങൾ ഒന്നിച്ചായിരുന്നു. മാതൃഭാഷ അറബിയായവർക്കുപോലും ബുദ്ധിമുട്ടുള്ള കോഴ്സിന് ഇന്ത്യക്കാരായ രണ്ടുപേർ പഠിക്കാനെത്തിയത് സഹപാഠികൾക്ക് അദ്ഭുതമായിരുന്നു. അൽഅസ്ഹർ യൂനിവേഴ്സിറ്റിക്കടുത്തുള്ള ഹിൽമിയ്യയിലായിരുന്നു ഞങ്ങൾ താമസിച്ചത്. ഇന്ത്യക്കാർ മാത്രമുള്ള ഒരു ഫ്ളാറ്റായിരുന്നു ഞങ്ങളുടേത്. ഒരു റൂമിൽ ഞാനും ശിഹാബ് തങ്ങളും ഡോ. ഇസ്മായിൽ മദ്രാസിയും ഡോ. അബ്ദുൽ ഖയ്യും ബാംഗ്ലൂരിയും റൈഹാൻ ഖാനും (ഇതിൽ അബ്ദുൽ ഖയ്യും ഇപ്പോൾ സൗദിയിലുണ്ട്. റൈഹാൻ മരണപ്പെട്ടു). എതിർവശത്തുള്ള മുറിയിലാണ് അബ്ദുൽ ഖയ്യും (മുൻ മാലി പ്രസിഡന്റ്) താമസിച്ചിരുന്നത്. ഇതു പറഞ്ഞപ്പോൾ എന്തോ ഓർത്തുകൊണ്ടു നഗ്റമി പൊട്ടിച്ചിരിച്ചു. പിന്നീട് ഓർമകൾ ചികഞ്ഞ് അദ്ദേഹം പറഞ്ഞു, വൈകിട്ട് 8.45 ആയാൽ ഞങ്ങളെല്ലാവരും അബ്ദുൽ ഖയ്യുമിന്റെ റൂമിലേക്കു പോവും. ഒമ്പതുമണിക്കുള്ള ബി.ബി.സി ക്രിക്കറ്റ് റൗണ്ടപ്പ് കേൾക്കാൻ വേണ്ടിയായിരുന്നു അത്. അന്ന് കുട്ടത്തിൽ റേഡിയോ ഉള്ളത് അബ്ദുൽ ഖയ്യുമിന് മാത്രമായിരുന്നു.

സ്നേഹാർദ്രമായ മനസ്സിനുടമയായിരുന്നു ശിഹാബ് തങ്ങൾ. പിന്നീട് വലിയ നേതാവായി ഉയർന്നപ്പോഴും പഴയ വ്യക്തിബന്ധങ്ങൾ മുറിയാതെ സൂക്ഷിക്കുകയും വലുപ്പ, ചെറുപ്പ വ്യത്യാസമില്ലാതെ എല്ലാവർക്കും സ്നേഹം സമ്മാനിച്ചു കടന്നുപോവുകയും ചെയ്ത മാതൃകാ പുരുഷനുമായിരുന്നു തങ്ങളെന്ന് നഗ്റമി പറഞ്ഞു.

ഒരിക്കൽ കേരളത്തിൽ പോവാനായി മുംബൈ വിമാനത്താവളത്തിൽ എത്തിയപ്പോൾ എമിഗ്രേഷൻ കൗണ്ടറിലെ രാജൻ എന്ന ഓഫിസർ ചോദിച്ചു, ആരെ കാണാനാണ് പോവുന്നതെന്ന്. ശിഹാബ് തങ്ങളെ കാണാനാണെന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിനു വളരെ സന്തോഷമായി. തങ്ങൾ കേരളത്തിന്റെ അഭിവന്ദ്യ നേതാവാണെന്നു പറഞ്ഞുകൊണ്ട് രേഖകളെല്ലാം പെട്ടെന്നു ശരിയാക്കിത്തന്നു. തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്ന ഒരു നാട്. അതാണ് കേരളമെന്ന് ആ യാത്രയിൽ മനസ്സിലായി.

ശുഐബ് നഗ്റമി (ജിദ്ദ), ഹയ്ദർ ഖദീർ (റിയാദ്), ഡോ. ബഹിയ്യ ജാവേദ് അൽ ജൈഷി (ബഹ്റയ്ൻ സുപ്രിം കൗൺസിൽ ഡപ്യൂട്ടി പ്രസിഡന്റ്), ഡോ. അദ്വാൻ (ജോർദാൻ), ഡോ. ഹാനി (ജോർദാൻ), ഡോ. അമിന (കുവൈത്ത്), ഡോ. ഹുസ്സ (കുവൈത്ത്), ഡോ. അഹ്മദ് മുൻഷി (കെയ്റോ), ഡോ. നിഅ്മത്ത് മുസ്തഫ (കെയ്റോ), അബ്ദുൽ വദൂദ് ആസിം (ഉത്തർപ്രദേശ് പീസ് പാർട്ടി വൈസ് പ്രസിഡന്റ്) എന്നിവരാണ് സഹപാഠികളിൽ ഇപ്പോൾ ജീവിച്ചിരിക്കുന്നവർ. ഇതിൽ പലരെയും കൂട്ടി കേരളത്തിൽ ശിഹാബ് തങ്ങളുടെ ഒരു അനുസ്മരണ പരിപാടി നടത്തണമെന്ന് നഗ്റമിക്ക് നല്ല ആഗ്രഹമുണ്ട്. നഗ്റമി ശിഹാബ് തങ്ങളുടെ മകൻ മുനവ്വറലിയോട് വിവരം പറഞ്ഞിട്ടുണ്ട്. മുനവ്വറലിയുടെ വിളിക്ക് കാതോർക്കുകയാണ് നഗ്റമി.



ശുഐബ് നഗ്റമി

Mappila Heritage Library

CENTRE FOR HADHRAMI & DIASPORA STUDIES